പത്രക്കുറിപ്പ്
19-12-2016

# ഗ്രീൻ ബൈറ്റ്:
# ആരോഗ്യത്തിന് നിങ്ങൾക്കൊരു  കിറ്റ്
## കുടുംബശ്രീയുടെ പുതിയ പദ്ധതി

തിരുവനന്തപുരം: വെറും നാൽപതു രൂപയ്ക്ക് കൊളസ്ട്രോൾ ഇല്ലാതാക്കാനും ഹൃദയാരോഗ്യം സംരക്ഷിക്കാനും സുവർണാവസരം വരുന്നു. ഗുളിക കഴിക്കാതെയും വ്യായാമം ചെയ്യാതെയുമാണ് ഇത് സാധ്യമാകുന്നതെങ്കിലോ. അതിനുള്ള അവസരമാണ് കുടുംബശ്രീയുടെ 'ഗ്രീൻ ബൈറ്റ്' എന്ന നൂതന പദ്ധതി വഴി ലഭിക്കുന്നത്.

സ്ട്രോബറി, പപ്പായ, പൈനാപ്പിൾ, വെള്ളരി, തേൻ, കശുവണ്ടി, കാരറ്റ്, മാതളനാരങ്ങ, ആപ്പിൾ എന്നിങ്ങനെ മുറിച്ചെടുത്ത പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുന്ന ബൗൾ വിൽപനക്കെത്തിക്കുകയാണ് കുടുംബശ്രീ 'ഗ്രീൻ ബൈറ്റ്' എന്ന പദ്ധതിയിലൂടെ. ഇതിൽ ആപ്പിളും മാതളനാരങ്ങയും ഒഴികെയുള്ള പഴങ്ങളും പച്ചക്കറികളും കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾ മുഖേന ജൈവകൃഷി രീതിയിൽ ഉൽപാദിപ്പിക്കുന്നവയാണ്. ഇടുക്കി, എറണാകുളം, കാസർകോട്,പത്തനംതിട്ട എന്നിവിടങ്ങളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നാണ് പദ്ധതിക്കാവശ്യമായ സ്ട്രോബറി, പൈനാപ്പിൾ, കശുവണ്ടി,തേൻ എന്നിവ എത്തിക്കുന്നത്.

കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്ന കാർഷിക പദ്ധതി പൊലിവിനോടനുബന്ധിച്ച് നല്ല ഭക്ഷണശീലം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായാണ് 'ഗ്രീൻ ബൈറ്റ്' മലയാളിയുടെ ഊണുമേശയിലേക്കെത്തുന്നത്.  തിരക്കുകൾ കാരണം വീടുകളിൽ നിന്നും ഉച്ചഭക്ഷണം കൊണ്ടുവരാൻ അസൗകര്യമുള്ള ജീവനക്കാർക്ക് ഏറെ സഹായകരമാകുന്ന രീതിയിലാണ് കട്ട് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ ബൗളിന്റെ വിതരണം. ഇതു പ്രകാരം ടെക്നോ പാർക്ക്, സെക്രട്ടേറിയറ്റ്,   ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ജീവനക്കാർക്ക് പദ്ധതി ഏറെ പ്രയോജനകരമാകും. .പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ കാരണം ഭക്ഷണ നിയന്ത്രണമുള്ളവർക്ക് ഏറെ പ്രയോജനപ്പെടുന്നതാണ് കട്ട് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ ബൗളിന്റെ വിതരണം.  ഒരു ബൗളിന് നാൽപതു രൂപയാണ് വില. ആവശ്യമെങ്കിൽ ആകർഷകമായ ബോക്സിൽ പായ്ക്ക് ചെയ്ത് ലഭ്യമാകും. ഇതിന് അമ്പത് രൂപ നൽകിയാൽ മതിയാകും.

ഗ്രീൻ ബൈറ്റ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ ബൗൾ ആവശ്യമുള്ളവർക്ക് അത് എത്തിച്ചുകൊടുക്കാനുള്ള സംവിധാനവുമുണ്ട്. മുൻകൂട്ടി ബുക്ക് ചെയ്താൽ ആവശ്യപ്പെടുന്ന സമയത്ത് ബൗൾ ലഭിക്കും. വില അപ്പോൾ നൽകിയാൽ മതിയെന്നതും പദ്ധതിയുടെ മെച്ചമാണ്. ആദ്യഘട്ടത്തിൽ കുടുംബശ്രീ സംസ്ഥാന മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങളിലായി ഇരുനൂറോളം മിക്സഡ് ഫ്രൂട്ട് ബൗളിന്റെ വിതരണം നടത്തും.

കുടുംബശ്രീ വനിതകൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളിൽ നിന്നു മൂല്യവർദ്ധിത ഉൽപന്നങ്ങളുണ്ടാക്കി വിൽക്കുന്നതു വഴി വ്യത്യസ്തമായ ഒരു തൊഴിൽ മേഖലയും വരുമാനവും കണ്ടെത്തുകയാണ് പദ്ധതിയിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ സബർമതി യൂണിറ്റിലെ അംഗങ്ങളാണ് കട്ട് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ ബൗൾ തയ്യാറാക്കി വിതരണം ചെയ്യുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ